# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025- 2026**

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എൻ .ഇ .യു .പി സ്കൂൾ |
| | : | കേരളശ്ശേരി |
| വാർഡ് | : | 6 |
| സി.ആർ.സി | : | കുണ്ടളശ്ശേരി |
| ബി.ആർ.സി | : | പറളി |
| ഹെഡ്മിസ്ട്രസ് | : | എം. പി. ബേബിപ്രിയ |
| അധ്യാപകർ | : | 11 |
| ഫോൺ നമ്പർ | : | 9495250590 |
| സ്കൂൾ കോഡ് | : | 21737 |
| ഉപജില്ല | : | പറളി |
| വിദ്യാഭ്യാസ ജില്ല | : | പാലക്കാട് |
| ജില്ല | : | പാലക്കാട് |

# പദ്ധതി പ്രവർത്തനങ്ങൾ വിഷയ മേഖല

## വായന മെച്ചപ്പെടുത്തൽ -ലൈബ്രറി നവീകരണം

### ലക്ഷ്യങ്ങൾ

- കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുക
- കുട്ടികളിൽ ഭാഷാശേഷി വികസിപ്പിച്ചെടുക്കുക
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക

### കാലയളവ്

- 5 വർഷം (ഒന്നാംഘട്ടം ഒരു വർഷത്തിനുള്ളിൽ )
- സാമ്പത്തികം 50,000
- വിഭവ സമാഹരണം : PTA ,പൂർവ വിദ്യാർത്ഥികൾ
- നേതൃത്വം നൽകുന്നവർ
- അയിഷാബി ടീച്ചർ ,വിജയലക്ഷ്മി ടീച്ചർ , രാജേശ്വരി ടീച്ചർ

**പ്രവർത്തനങ്ങൾ**

വായനമൂല , രക്ഷിതാവിനൊരു പുസ്തകം , ക്ലാസ് ലൈബ്രറി, വായനക്കുറിപ്പു തയ്യാറാക്കൽ , ആസ്വാദന കുറിപ്പ് തയ്യാറാക്കൽ , ആത്മകഥ , മാഗസീൻ

നടപ്പിലാക്കുന്ന വിധം എല്ലാ കുട്ടികൾക്കും (ഭിന്നനിലവാരകർക്ക് വായിക്കാവുന്ന പുസ്തകങ്ങൾ വായനമൂലയിൽ ഒരുക്കുന്നു . വായനാദിനത്തോടനുബന്ധിച് രക്ഷിതാക്കൾക്കുള്ള പുസ്തകങ്ങൾ ശേഖരിച് വിതരണം ചെയുന്നു . ലൈബ്രറിയിൽ നിന്നെടുത്ത പുസ്തകത്തിൽ നിന്ന് വായനകുറിപ്പും ആസ്വാദനകുറിപ്പും തയ്യാറാകുന്നു .പുസ്തക വിതരണത്തിനായി ഒരുകുട്ടിയെതിരഞ്ഞെടുക്കുന്നു അവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസീൻ നിർമിക്കുന്നു.

## ജൈവ വൈവിദ്ധ്യ പാർക്ക്

**ലക്ഷ്യങ്ങൾ**

. പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

. പരിസ്ഥിതിയെ സംരക്ഷിക്കുന്നത് നമ്മുടെ കടമയാണെന്ന ബോധം വളർത്തിയെടുക്കുന്നതിന്

. സഹജീവികളെ സ്നേഹിക്കുന്നതിന്

. മാനസികോല്ലാസത്തിന്

**കാലയളവ്** : 5 വർഷം

**നേതൃത്വം നൽകുന്നവർ** : HM & STAFF

**സാമ്പത്തികം** : 50.000/-

**വിഭവസമാഹരണം** : PT, പൂർവ വിദ്യാർത്ഥികൾ , MLA ,പഞ്ചായത്ത്

**പ്രവർത്തനങ്ങൾ**

നക്ഷത്രവനം , ഔഷധസസ്യത്തോട്ടം , സ്കൂൾ മുറ്റത്തൊരു പൂന്തോട്ടം , പച്ചക്കറിത്തോട്ടം

**നടപ്പിലാക്കുന്ന വിധം**

ജൂൺമാസത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച് വൃക്ഷത്തൈ ശേഖരിച് സ്കൂൾ പരിസരത്തു നട്ടുപിടിപ്പിക്കുന്നു . അതിനു ചുറ്റും സംരക്ഷണവേലി നിർമിക്കുന്നു . ഔഷധ സസ്യങ്ങൾ ശേഖരിച് പ്രത്യേകം സ്ഥലം കണ്ടെത്തി നട്ടുപിടിപ്പിക്കുന്നു . അവയുടെ പേരുകൾ രേഖപെടുത്തുന്നു . നക്ഷത്രവനം വെച്ചുപിടിപ്പിച് സംരക്ഷിക്കുന്നു . അതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ നാമങ്ങളും ഉപയോഗവും രേഖപെടുത്തുന്നു . സ്കൂൾ മുറ്റത്ത് വ്യത്യസ്തയിനം പലവർണങ്ങളിലൂടെ പൂക്കൾ വിരിയുന്ന ചെടികൾ വച്ചു പിടിപ്പിക്കുന്നു . ഇതിൽ വന്നിരിക്കുന്ന പൂമ്പാറ്റകളേയും വണ്ടുകളേയും നിരീക്ഷിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു .

പച്ചക്കറി വിത്തുകൾ ശേഖരിച് കുട്ടികളുടെ സഹകരണത്തോടെ സ്കൂളിലൊരു പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു . അവയ്ക്കുവേണ്ട

# ഒന്നാം ക്ലാസ് ഒന്നാം തരാം

**ലക്ഷ്യങ്ങൾ :**

. ക്ലാസ്റൂം ആകര്ഷകമാക്കൽ

. എല്ലാ കുട്ടികളെയും അവരുടെ കഴിവിന്റെ

. പരമാവധി ഉപയോഗിച്ച് സാക്ഷരക്കൽ

. സ്മാർട്ട് ക്ലാസ്സ് റൂം

. അവരവരുടെ അഭിരുചി കണ്ടറിഞ്ഞു പരിപോഷിപ്പിക്കും

**കാലയളവ് :** 5 വർഷം

**നേതൃത്വം നൽകുന്നവർ** : ബേബിപ്രിയ ടീച്ചർ ആനന്ദ് മാഷ് അൻസാർ മാഷ്

**സാമ്പത്തികം** :

**വിഭവ സമാഹരണം** : എം.എൽ.എ ഫണ്ട്, പഞ്ചായത്ത്

**പ്രവർത്തനങ്ങൾ** : LAPTOP ഉപയോഗിച്ചിട്ടുള്ള പഠനം

കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ലൈബ്രറി സജ്ജീകരണം

പഠനോപകരണങ്ങൾ ( വായന കാർഡ് ) ശേഖരിക്കൽ .

**നടപ്പിലാക്കുന്ന വിധം**

പ്രൊജക്ടറുടെ സഹായത്തോടെ പാട്ടുകളും കഥകളും ( പാഠഭാഗവുമായി ബന്ധപ്പെട്ടത് ) കാണാൻ അവസരം നൽകുന്നു . മുഖം മൂടി , Finger Puppet എന്നിവ ഉപയോഗിച് കഥകൾ അവതരിപ്പിക്കുന്നു . ലൈബ്രറി പുസ്തകങ്ങൾ , വായന കാർഡുകൾ എന്നിവ വിതരണം ചെയ്യുന്നു . കമ്പ്യൂട്ടർ പഠനത്തിനുള്ള അവസരം ഒരുക്കുന്നു .

പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുന്നു . പരീക്ഷണത്തിന് വേണ്ട സാധനങ്ങൾ ശേഖരിച്ചു വയ്ക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും കഴിയുന്ന തരത്തിൽ ഒരുക്കി വെക്കുന്നു . ചാന്ദ്രദിനവുമായി ബന്ധപ്പെടുത്തി ബഹിരാകാശ യാത്രയെക്കുറിച്ചും . ചാന്ദ്രയാത്രയെക്കുറിച്ചും ഉള്ള വീഡിയോ പ്രദർശനം ശാസ്ത്രകാരൻമാരുടെ ചിത്ര ശേഖരണം എന്നിവ നടത്തുന്നു . കുട്ടികളുടെ ശാസ്ത്രാഭിരുചി കണ്ടെത്താനും അവയെ പരിപോഷിപ്പിക്കാനും വേണ്ടി മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ശാസ്ത്രപോഷണം

ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രാവബോധവും പാരിസ്ഥിതികാവബോധവും വളർത്തുന്നതിന്.
- ശുചിത്വഭാരതം എന്ന ലക്ഷ്യം നേടുന്നതിന് .
- സ്വന്തമായി പരീക്ഷണങ്ങൾ നടത്തി നിഗമനത്തിലെത്തുന്നതിന് .

നേതൃത്വം നൽകുന്നവർ

രജനി ടീച്ചർ , സുജാത ടീച്ചർ ,ഐശ്വര്യ ടീച്ചർ

കാലയളവ് : 5 വർഷം

സാമ്പത്തികം :

വിഭവസമാഹരണം: ജനപ്രതിനിധികൾ ,പൂർവ വിദ്യാർത്ഥികൾ

പ്രവർത്തനങ്ങൾ : സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ് എന്നിവയുടെ രൂപീകരണം ,വൃക്ഷത്തൈ നടൽ , പോസ്റ്റർ നിർമാണം , കാർഷികാവബോധം വളർത്താൻ വയലുകൾ , തോട്ടങ്ങൾ എന്നിവ നിരീക്ഷിച് റിപ്പോർട്ട് തയാറാക്കൽ , ഫീൽഡ്ട്രിപ് സംഘടിപ്പിക്കൽ ,വീഡിയോ പ്രദർശനം , കർഷകരുമായുള്ള അഭിമുഖം , ലാബ് ശാക്തീകരണം , ക്വിസ്സുകൾ , ശാസ്ത്രരംഗത്തെ നൂതനപ്രവണതകളെക്കുറിച് നീരിക്ഷണകുറിപ്പ് , ശാസ്ത്ര വാർത്താബോർഡ് നിർമ്മാണം .

നടപ്പിലാക്കുന്ന വിധം : ജൂൺ മാസത്തിൽ തന്നെ ശാസ്ത്ര ക്ലബ്ബുകൾ LP ,UP തലത്തിൽ രൂപീകരിക്കുന്നു . ദിനാചരണത്തോടനുബന്ധിച്ചു നടത്തേണ്ട പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു . പരിസ്ഥിതി ദിനത്തോടനുബന്ധിച് വൃക്ഷത്തൈ നടലും , പരിസ്ഥിതിപ്രവർത്തകനുമായി അഭിമുഖം , വൃക്ഷത്തൈ വിതരണം ,പോസ്റ്റർ നിർമാണം ,ക്വിസ്സ് എന്നിവ സംഘടിപ്പിക്കുന്നു . ജൂൺ മുതൽ സപ്തംബർ വരെയുള്ള കാലയളവിൽ കാർഷിക വിളകൾ നിരീക്ഷിക്കാൻ പഠന യാത്ര സംഘടിപ്പിക്കുന്നു .

ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള ശാസ്ത്ര പരീക്ഷണങ്ങൾ കണ്ടെത്തി അവയ്ക്കാവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുന്നു . കുട്ടികൾക്കാവശ്യമുള്ളപ്പോൾ അവ കൈകാര്യം ചെയ്യാനും

ജൈവവളവും പരിചരണവും കുട്ടികളെത്തന്നെ ഏല്പിച്ചു നടപ്പിലാക്കുന്നു. കൂടുതൽ മരങ്ങൾ നിരീക്ഷിക്കാനും അവയെക്കുറിച് അറിയുന്നതിനും പ്രകൃതിയിലേക്ക് ഒരു യാത്ര സംഘടിപ്പിക്കുന്നു. പരിസ്ഥിതി പ്രവർത്തകനായ ബാലേട്ടന്റെ സഹകരണം ഉറപ്പുവരുത്തുന്നു.

## ഇംഗ്ലീഷ് പഠന പരിപോഷണം

### ലക്ഷ്യങ്ങൾ

- . എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും
- സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ
- കാലയളവ് : ഒരു വർഷം

### നേതൃത്വം നൽകുന്നവർ

. നസിറുദ്ധീൻ മാസ്റ്റർ , മോഹനൻ മാസ്റ്റർ , ഹെഡ്മിസ്ട്രസ് , ഐശ്വര്യ ടീച്ചർ

### പ്രവർത്തനങ്ങൾ

ഇംഗ്ലീഷ് അസംബ്ലി , ക്ലാസ് ലൈബ്രറി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് , ഇംഗ്ലീഷ് ഫെസ്റ്റ് എന്നിവ .

### നടപ്പിലാക്കുന്ന വിധം

എല്ലാ ആഴ് ചയിലും രണ്ടു ദിവസമായി സ്പോകൺ ഇംഗ്ലീഷ് ക്ലാസ് നൽകുക . ആഴ് ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക . അധ്യാപക വിദ്യാർത്ഥി ഇടപെടൽ ഇംഗ്ലീഷിലാക്കുക . മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക . കുട്ടികളുടെ നിലവാരത്തിനു യോജിച്ച ഇംഗ്ലീഷ് പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുക . പതിപ്പുകൾ മാഗസിനുകൾ എന്നിവ തയ്യാറാക്കുക .